പഞ്ചായത്ത്, ചെങ്ങന്നൂർ മണ്ഡലത്തിലെ മാന്നാർ പഞ്ചായത്ത് ഇങ്ങനെ ഏഴ് പഞ്ചായത്തുകൾക്ക് രണ്ട് ഘട്ടങ്ങളിലായിട്ടുള്ള വാട്ടർ സപ്ലൈ സ്കീമിന്റെ ഒന്നാം ഘട്ടം ആരംഭിച്ചിട്ട് 13 വർഷമായി. അതിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി തീർന്നു, പക്ഷേ പമ്പിംഗ് മെയിൻ പൂർത്തീകരിക്കാത്തതുകൊണ്ട് ഈ പദ്ധതി കമ്മീഷൻ ചെയ്യാനോ രണ്ടാം ഘട്ടം പണി തുടങ്ങാനോ പറ്റുന്നില്ല. ഇതിന് 36 കോടി രൂപ വേണം. അങ്ങ് ദയവായി ഇക്കാര്യത്തിൽ ഇടപെട്ട് ഒന്നാം ഘട്ടമെങ്കിലും കമ്മീഷൻ ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: ഒന്നാം ഘട്ടം ഈ വർഷം തന്നെ കമ്മീഷൻ ചെയ്യും. അതിനകത്ത് വന്നിരിക്കുന്ന സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽത്തന്നെ മാവേലിക്കര മണ്ഡലത്തിൽ റിവ്യൂ മീറ്റിംഗ് കൂടുന്നുണ്ട്. ആ യോഗത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ജലം ജീവന്റെ ആധാരമാണ്. അതുപോലെ ജലം കൈകാര്യം ചെയ്യുന്നവരെയൊക്കെ ജനങ്ങൾക്ക് ഇഷ്ടവുമാണ്. അതുകൊണ്ടുതന്നെ അത് നന്നായി കൈകാര്യം ചെയ്യുന്ന അങ്ങയെയും ഈ വകുപ്പിനെയും ജനങ്ങൾക്ക് ഇഷ്ടമാണ്. ജല അതോറിറ്റിയെ ജനങ്ങൾ വെറുക്കുന്നത് പലപ്പോഴും റോഡ് വെട്ടിപ്പൊളിക്കുമ്പോഴാണ്. ലോകത്തിലെ പല രാജ്യങ്ങളിലും പൈപ്പ് കടന്നുപോകാൻ കമ്മ്യൂണിറ്റി സ്പെയ്സ് നിർമ്മിച്ചിട്ടുണ്ട്. എല്ലാ റോഡുകളും വെട്ടിപ്പൊളിക്കുന്ന അവസ്ഥ മാറ്റി പുതിയ റോഡുകൾ പണിയുമ്പോൾ പൈപ്പ് പോകാൻ വേണ്ടി ഒരു കമ്മ്യൂണിറ്റി സ്പെയ്സ് ഇടുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: പുതിയ റോഡുകളുടെയൊക്കെ നിർമ്മാണത്തിൽ ഒരു യൂട്ടിലിറ്റി ഡക്ട് എന്ന പേരിൽ പൈപ്പ്, കേബിൾ തുടങ്ങിയവ പോകുന്നതിനുവേണ്ടിയുള്ള പ്രത്യേക സംവിധാനമുണ്ട്.

പോസ്റ്റ് ബേസിക് നഴ്സിംഗ് കോളേജുകൾ

3 (*513) ശ്രീ. ബാബുപോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോസ്റ്റ് ബേസിക് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജനറൽ നഴ്സിംഗ് പാസ്സായവർക്ക് ബി.എസ്.സി. നഴ്സിംഗിന് തുല്യമായ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):

(എ) ഉണ്ട്. സർക്കാർ മേഖലയിൽ തിരുവനന്തപുരം നഴ്സിംഗ് കോളേജ്, കോഴിക്കോട് നഴ്സിംഗ് സ്കൂൾ, സി-മെറ്റിന്റെ കീഴിൽ തൃപ്പൂണിത്തുറ, മുണ്ടൂർ എന്നിവിടങ്ങളിലും കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിന് പുറമെ സ്വകാര്യ സ്വാശ്രയ കോളേജുകളിലും പോസ്റ്റ് ബേസിക് കോഴ്സിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) രണ്ട് വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

(സി) ജനറൽ നഴ്സിംഗ് പാസ്സായവർ രണ്ട് വർഷത്തെ പോസ്റ്റ് ബേസിക് കോഴ്സ് പാസ്സായാൽ ബി.എസ്.സി. നഴ്സിംഗിന് തുല്യമാകും.

ശ്രീ. ബാബുപോൾ: സർ, നാല് പോസ്റ്റ് ബേസിക് ട്രെയിനിംഗ് കോളേജുകൾ ഗവൺമെന്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകിയത്. ജനറൽ നഴ്സിംഗ് കോഴ്സിന് ശേഷം രണ്ട് വർഷത്തെ പോസ്റ്റ് മെട്രിക് കോഴ്സ് പാസ്സായാൽ ബി.എസ്.സി നഴ്സിംഗിന് തുല്യമാകുമെന്നാണ് പറഞ്ഞത്. ബി.എസ്.സി നഴ്സിംഗിന് അഡ്മിഷൻ കിട്ടാതെ ആയിരക്കണക്കിന് കുട്ടികളാണ് നമ്മുടെ സംസ്ഥാനത്തുനിന്ന് ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിലൊക്കെ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവർക്ക് ഇവിടെത്തന്നെ പഠിക്കാൻ കൂടുതൽ സൗകര്യം ഉണ്ടാക്കത്തക്ക വിധത്തിൽ പ്രീ-മെട്രിക് നഴ്സിംഗ് കോളേജുകൾ ജില്ലയിൽ ഒരെണ്ണമെങ്കിലും ആരംഭിക്കാൻ കഴിയുമോ; എവിടെയെല്ലാമാണ് അനുമതി നൽകിയിട്ടുള്ളത്; ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഈ ഗവൺമെന്റ് കോളേജുകൾ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. എളമരം കരീം: നഴ്സിംഗ് മേഖലയിൽ വിദ്യാർത്ഥികൾക്കുള്ള താൽപ്പര്യം പരിഗണിച്ചാണ് പോസ്റ്റ് ബേസിക് ട്രെയിനിംഗ് കോളേജുകൾ പുതുതായി ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരായ നഴ്സുമാർ ഏറ്റവും നല്ല സന്നദ്ധ പ്രവർത്തകരാണ്. ദീർഘകാലമായുള്ള അവരുടെ ആവശ്യമാണ് ജോലി സമയം എട്ട് മണിക്കൂറാക്കുക എന്നുള്ളത്. മെഡിക്കൽ കോളേജിലും അതു പോലെ ജില്ലാ ആശുപത്രികളിലും എട്ട് മണിക്കൂർ ഏതാണ്ട് സമയം ക്രമീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ ഉൾപ്പെടെ ജോലി സമയം എട്ട് മണിക്കൂർ ആക്കും എന്ന് ആരോഗ്യ വകുപ്പു മന്ത്രിതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അവരുടെ ഈ ആവശ്യം അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത് ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. എളമരം കരീം : അത് പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. രാജാജി മാത്യു തോമസ് : സർ, നമ്മുടെ നഴ്സുമാർ അധികവും ബി.എസ്.സി. നഴ്സിംഗ് പഠിക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം അവർക്ക് വിദേശത്ത് ജോലി കിട്ടുമെന്നുള്ളതുകൊണ്ടാണ്. വിദേശത്ത് ജോലി കിട്ടുന്നതിനുവേണ്ടി നമ്മുടെ നഴ്സുമാർ ഇപ്പോൾ വിവിധ ഭാഷാ കോഴ്സുകൾക്ക് ചേരുന്നുണ്ട്. ഇത് വലിയ ഒരു ചൂഷണത്തിന്റെ മേഖലയാണ്. പുതിയ പോസ്റ്റ് ബേസിക് നഴ്സിംഗ് കോളേജുകൾ ആരംഭിക്കുമ്പോൾ ആ നഴ്സിംഗ് കോഴ്സിന്റെ ഭാഗമായി ഭാഷാ പഠനത്തിനുകൂടി പ്രാധാന്യം നൽകുമോ?

ശ്രീ. എളമരം കരീം : സർ, അത് പ്രത്യേകം പരിശോധിക്കാം. ഇവരുടെ സ്കിൽ ഡെവലപ് ചെയ്യുന്നതിന്റെ ഭാഗമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാം.

ശ്രീ. പള്ളിപ്രം ബാലൻ : സർ, കാഞ്ഞങ്ങാട് നിലവിൽ ഒരു നഴ്സിംഗ് സ്കൂളുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിൽ ധാരാളം കെട്ടിടങ്ങളുണ്ട് അത് പുനരുദ്ധരിച്ച് ആരോഗ്യവകുപ്പിന്റെ കീഴിൽ കാഞ്ഞങ്ങാട് ഒരു പോസ്റ്റ് ബേസിക് നഴ്സിംഗ് സ്കൂൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം : പരിശോധിച്ചിട്ട് പറയാം. അതിന്റെ സാങ്കേതിക വശത്തെക്കുറിച്ച് പഠനം നടത്തിയിട്ട് ഗവൺമെന്റ് പരിശോധിക്കാം.

വൃദ്ധനയം

4 (*514) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധനയം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൃദ്ധരുടെ ക്ഷേമത്തിനായി ഇതിനകം കൈക്കൊണ്ട ക്ഷേമപദ്ധതികൾ എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(ഡി) വൃദ്ധരുടേതായ എത്ര പരാതികളിൽ പരിഹാരം കണ്ടുവെന്നറിയിക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly